**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2360** **16-03-2022 - ൽ മറുപടിയ്ക്ക്**

**സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സേവനസ്ഥിരതയും വേതനവർദ്ധനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2009 മുതൽ കുടുംബശ്രീ മിഷന് കീഴിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമായി ജോലി ചെയ്തുവരുന്ന സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സേവന, വേതന വ്യവസ്ഥകൾ വിശദമാക്കുമോ; | (എ) | കുടുംബശ്രീ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സി.ഡി.എസ്.നെ സഹായിക്കുന്നതിനും സി.ഡി.എസ്.ന്റെ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനും, കുടുംബശ്രീ. എം.ഐ.എസ്. കൃത്യമായി നാളതീകരിക്കുന്നതിനും വേണ്ടി എല്ലാ സി.ഡി.എസുകളിലും 30.05.2009ലെ സ.ഉ.(എം.എസ്) നം. 93/2009/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കരാറടിസ്ഥാനത്തിൽ അക്കൗണ്ടന്റുമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. 5000/- രൂപ പ്രതിമാസം ഓണറേറിയത്തിലാണ് ഇവരെ നിയമിച്ചത്. തുടർന്ന് ഇവരുടെ വേതനം 2013ൽ 6000/- രൂപയായും 2015ൽ 8000/- രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. നിലവിൽ 09/06/2017തീയതിയിലെ സ.ഉ. (എം.എസ്)നം 110/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരമുള്ള വേതനമാണ് സിഡിഎസ് അക്കൗണ്ടന്റുമാർക്ക് നൽകി വരുന്നത്. ഇതുപ്രകാരം സിഡിഎസ് അക്കൗണ്ടന്റുമാരുടെ കുറഞ്ഞ പ്രതിമാസ വേതനം 12000/- രൂപയായും ടി തസ്തികയിൽ അഞ്ച് വർഷം പൂർത്തീകരിച്ചവർക്ക് 13,000/- രൂപയായും വേതനം വർദ്ധിപ്പിച്ചിരുന്നു. കൂടാതെ 750/- രൂപ വാർഷിക വേതനവർദ്ധനവും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പന്ത്രണ്ട് വർഷക്കാലമായി ജോലി ചെയ്തുവരുന്ന ഇവർക്ക് സർവ്വീസ് ബ്രേക്ക് ഇല്ലാതെ സേവനസ്ഥിരത അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ കരാർ നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്ന് 09/07/2019 ലെ ജി.ഒ(പി)നം.81/2019/ധന ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 13.12.2021-ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ തീരുമാനം 14 പ്രകാരം കുടുംബശ്രീയുടെ കീഴിൽ സേവനം |

| | | | |
|---|---|---|---|
| | | | അനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് കരാർ ദീർഘിപ്പിക്കുമ്പോൾ, രണ്ട് അല്ലെങ്കിൽ മൂന്ന് ദിവസം ഇടവേള നൽകണമെന്ന് തീരുമാനമെടുത്ത് ആയതു പ്രകാരം സിഡിഎസ് അക്കൗണ്ടന്റുമാരുടെ സേവന വ്യവസ്ഥയിലും മേൽ തീരുമാനം ഉൾക്കൊള്ളിച്ചുകൊണ്ട് കരാർ ദീർഘിപ്പിച്ച് നല്കിയിട്ടുള്ളത്. 2017ജൂണിലെ ഉത്തരവ് പ്രകാരം വേതനം പരിഷ്കരിച്ച് നൽകി. |
| (സി) | സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് അഞ്ച് വർഷത്തിലേറെയായി മിനിമം വേതനമോ ശമ്പള വർദ്ധനവോ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉചിതമായ വേതനവർദ്ധനവ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ കരാർ നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്ന് 09/07/2019 ലെ ജി.ഒ(പി)നം.81/2019/ധന ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 13.12.2021-ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ തീരുമാനം 14 പ്രകാരം കുടുംബശ്രീയുടെ കീഴിൽ സേവനം അനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് കരാർ ദീർഘിപ്പിക്കുമ്പോൾ, രണ്ട് അല്ലെങ്കിൽ മൂന്ന് ദിവസം ഇടവേള നൽകണമെന്ന് തീരുമാനമെടുത്ത് ആയതു പ്രകാരം സിഡിഎസ് അക്കൗണ്ടന്റുമാരുടെ സേവന വ്യവസ്ഥയിലും മേൽ തീരുമാനം ഉൾക്കൊള്ളിച്ചുകൊണ്ട് കരാർ ദീർഘിപ്പിച്ച് നല്കിയിട്ടുള്ളത്. 2017ജൂണിലെ ഉത്തരവ് പ്രകാരം വേതനം പരിഷ്കരിച്ച് നൽകി. |

സെക്ഷൻ ഓഫീസർ